


# പട്ടം

*Digital Magazine from Little Kites IT Club, G.H.S. Nettayam 2020*



# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സിന്ധു. ജെ (ഹെഡ് മിസ്ട്രസ്) |
| സ്റ്റാഫ് എഡിറ്റേഴ്സ് | : | ബിന്ദു. ഡി. (എസ്. ഐ. റ്റി. സി) |
| | : | സിമി.എം. എസ്., സാജിദ്. എം (കൈറ്റ് മാസ്റ്റേഴ്സ്) |
| സ്റ്റുഡന്റ് എഡിറ്റർ | : | അനന്തു. എ |
| സബ് എഡിറ്റേഴ്സ് | : | പാർവ്വതി എസ് പി |
| | : | അഭിരാമി എ. എസ്. |
| | : | നന്ദന. എസ്. |
| കവർ ഡിസൈനിംഗ് | : | ഗോകുൽ കൃഷ്ണ |

# ആമുഖം

നെട്ടയം ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെ 2019-20 അധ്യയനവർഷത്തെ ഡിജിറ്റൽ മാഗസിൻ "പട്ടം "എന്ന പേരിൽ പൂർത്തിയാക്കിയിരിക്കുന്നു. ഈ ഡിജിറ്റൽ മാഗസിൻ പുതിയ തലമുറയ്ക്ക് പ്രചോദനമായി തീരട്ടെ.......

**ഉള്ളടക്കം**


1. ഞാൻ മറന്ന അമ്മ........................................................................................ 5
2. ഐറ്റി ക്വിസ്സ്.................................................................................................. 6
3. അറിവിൻെറ വില........................................................................................ 7
4. സായന്തനങ്ങളും  മാതൃസ്നേഹം പോലെ....................................................... 8
5. വിദ്യാർത്ഥിയും അച്ചടക്കവും........................................................................ 9
6. ദൈവം........................................................................................................ 10
7. ഐറ്റി ക്വിസ്സ്................................................................................................. 11

# ഞാൻ മറന്ന അമ്മ

ഞാൻ ജനിച്ചപ്പോൾ അവളെന്നെ താങ്ങി
എൻെറ ഓരോ കാൽവെയ്പ്പും
അവൾ സൂക്ഷ്മതയോടെ നോക്കി
എൻെറ ഓരോ വീഴ്ചയും
അവളുടെ കണ്ണ് നനയിച്ചു
എൻെറ കളിചിരികളിൽ അവൾ
ആനന്ദം കണ്ടെത്തി
പക്ഷെ എൻെറ കാലുറച്ചപ്പോ
ഞാനവളെ മറന്നു,
എനിക്ക് കുടുംബമായപ്പോൾ
ഞാനവളെ ഉപേക്ഷിച്ചു.
പിന്നീട് എൻെറ കുഞ്ഞും വളർന്നു,
അവർ വലിയവരായി
പിന്നീട് അവർക്ക് ഞാനും
ഒരു ബാധ്യതയായി മാറി.
അപ്പോൾ ഞാനോർത്തു
ഞാൻ തള്ളിപ്പറഞ്ഞ എൻെറ അമ്മയെ
എന്നെ വളർത്തിയ
എൻെറ അമ്മയെ
എൻെറ അമ്മയെ.....

***പാർവ്വതി എസ് പി, 9 ബി***

# ഐറ്റി ക്വിസ്സ്

1. കമ്പ്യൂട്ടർ സയൻസിൻെറ പിതാവ് ആര്?

    അലൻ ട്യൂറിംഗ്

2. ലോക കമ്പ്യൂട്ടർ സാക്ഷരത ദിനം?

    ഡിസംബർ 2

3. ഇന്ത്യയിൽ ആദ്യത്തെ സൈബർ ക്രൈം സ്റ്റേഷൻ നിലവിൽ വന്ന സ്ഥലം?

    ബാഗ്ലൂർ

4. ഇ-സാക്ഷരതകൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ ജില്ല?

    മലപ്പുറം

5. www-ൻെറ പൂർണ രൂപം?

    world wide web

6. റാം കമ്പ്യൂട്ടറിൻെറ ഏതു ഭാഗത്താണ്?

    മദർ ബോഡിൽ

7. SIM ൻെറ പൂർണ രൂപം?

    Subscriber Identification Module

8.www-വിൻെറ ഉപജ്ഞാതാവാര്?

    ടീംബൈനേര് സലി

9. ഇൻറർനെററിൻെറ പിതാവാര്?

    വിൻറൺ സർഫ്

10. ഇന്ത്യയിൻ ആദ്യമായി ഓൺലൈൻ ബാങ്കിംഗ് ആരംഭിച്ച ബാങ്ക് ?

    HDFC ബാങ്ക്

***നയന പ്രതാപ്, 9 ബി***

# അറിവിൻെറ വില

ഒരു ഫാക്ടറിയിലെ ഏറ്റവും പ്രധാനപ്പെട്ട യന്ത്രം തകരാറിലായിഅവിടെയുള്ള എൻജിനീയർമാർ എത്ര ശ്രമിച്ചിട്ടും അതു ശരിയാക്കാൻസാധിച്ചില്ല.അവസാനം അവർ ഒരു മെക്കാനിക്കിനെ സമീപിച്ചു.ഏതു യന്ത്രത്തിൻ്റേയുംഎന്തു തകരാറും പരിഹരിക്കുന്നതിൽ വിദഗ്ധനാണ് അദ്ദേഹം.മെക്കാനിക്ക് ഫാക്ടറിയിൽ വന്നു.ഒരു ദിവസം മുഴവൻ വിശദമായ പരിശോധനനടത്തി. അവസാനം ഒരു ചോക്ക് കൊണ്ട് യന്ത്രത്തിൻെറ ഒരു ഭാഗത്ത് ഒരു ഗുണചിഹ്നംഇട്ടു. എന്നിട്ട് പറഞ്ഞു. ഈ ഭാഗം തുറന്ന് അകത്തു കാണുന്ന ബോൾട്ട് മാറ്റി പുതിയത് ഇടണം. ഫാക്ടറിയിലെ എൻജിനിയർമാർ അപ്രകാരം ചെയ്തു. യന്ത്രം ഭംഗിയായി പ്രവർത്തിച്ചു തുടങ്ങി.

പിറ്റെ ദിവസം കമ്പനിയ്ക്ക് ഒരു ബില്ല് ലഭിച്ചു. യന്ത്രത്തിൻെറ തകരാറ് കണ്ടുപിടിച്ച മെക്കാനിക്കിൻെറതാണിത്. ബിൽതുക 10000 രൂപയായിരുന്നു. കമ്പനിയുടെ അക്കൗണ്ടൻറ് പറഞ്ഞു വലിയ തുക കൊടുക്കണമെങ്കിൽ വിശദമായിട്ടുള്ള ബിൽ വേണം. രണ്ട്ദിവസം കഴിഞ്ഞപ്പോൾ വിശദമായിട്ടുള്ള ബില്ല് വന്നു. അതിപ്രകാരമായിരുന്നു

1.ഒരുചോക്കിൻെറ വില; ഒരു രൂപ
2.ചോക്ക് കൊണ്ട് എവിടെ ഗുണ ചിഹ്നം ഇടണം എന്നുള്ള അറിവിന്;9999 രൂപ.

***നീതു കുമാരി, 9 എ***

# സായന്തനങ്ങളും  മാതൃസ്നേഹം പോലെ

സായന്തനങ്ങളിൽ,
അമ്മേ ചൊല്ലിതന്നീലയോ
മധുരമാം തേൻകഥളിൾ
അവയെല്ലാം ഒരു നിലാവെന്നപോൽ
എൻ ഇരുളിൻ മനസ്സിൽ വെളിച്ചം
ചൊരിഞ്ഞീലയോ
ആ നിലാവിന്റെ അനന്തതയിൽ നിൻ
സ്നേഹം  പൂർണമായതും
ഹേമന്തരാത്രിയിൽ നിൻ കരുതൽ
കുളിർമഴയായി  പെയ്തതും
ഓരോ മുറിവിലും നിൻ പുഞ്ചിരി
ആശ്വാസം പകർന്നതും
എൻ ഹൃദയത്തിൻ കോണിൽ
നിന്നുമുണർന്നമ്മേ
ഇനിയെൻ ജീവിതയാത്രയിൽ
വഴികാട്ടാനും വെളിച്ചം പകരാനും
നിൻ കരുതലെനിക്ക് ജീവജലം
അമ്മേ, നൊന്തു പ്രസവിച്ചതിൻ
വേദന അനുഭവിച്ചറിഞ്ഞ
തല താഴ്ത്തുന്ന നിൻ
ധീരയാത്രയാം ജീവിതയാത്രയിൽ
മരിച്ചാലും മണ്ണിനോടലിയിൽ
അമ്മേ നിൻ സ്നേഹത്തിൽ ചുടുരക്തം

***അഭിരാമി  എ.എസ്, 9 എ***

# വിദ്യാർത്ഥിയും അച്ചടക്കവും

*നമ്മുടെ രാജ്യത്തിൽ വിദ്യാഭ്യാസത്തിനുള്ള ആഗ്രഹം കൂടിവരുന്നു. എന്നാൽ ആ ആഗ്രഹത്തിനനുസരിച്ച് വിദ്യഭ്യാസത്തിന് ഉചിതമായ ഏർപ്പാടുകൾ ഒന്നുമില്ല. വിദ്യാർത്ഥികൾക്കിടയിലുള്ള അച്ചടക്കമില്ലായ്മയ്ക്ക് ഇതാണ് കാരണം. സ്കൂളുകളിലും കോളേജുകളിലും അച്ചടക്കമില്ലായ്മ ഇന്ന് വലിയ ഒരു പ്രശ്നമായിമാറിക്കഴിഞ്ഞു. അധികം വിദ്യാർത്ഥികളും ഇന്ന് ലക്ഷ്യമില്ലാത്തവരാണ്. ജീവിതമാർഗത്തിനുള്ള ഒരു ഉപായവും ഇന്ന് അവരുടെ മുന്നിൽ ഇല്ല . സമൂഹം തന്നെയാണ് ഇതിന് ഉത്തരവാദി . ഇന്നത്തെ വിദ്യജഭ്യാസസമ്പ്രദായം വിദ്യാർത്ഥികളുടെ ഭാവിക്ക് യോജിക്കുന്നതല്ല . ഇന്ന് അവരുടെ ഭാവി അന്ധകാരപൂർണ്ണമാണ് . ഇതിനാൽ അവർ അധ്യാപകരെയും മുതിർന്നവരെയോ ആദരിക്കുന്നില്ല . ഏതെങ്കിലും വിധം പരീക്ഷ പാസാവുക എന്നതാണ് അവരുടെ മുഖ്യലക്ഷ്യം . നമ്മുടെ വിദ്യർത്ഥികളുടെ ഇടയിൽ അച്ചടക്കം വർദ്ധിപ്പിക്കാൻ ഉള്ളത് നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യമാണ് . എങ്കിൽ മാത്രമെ സാമൂഹ്യപുരോഗതി കൈവരിച്ചു എന്ന് പറയുവാൻ സാധിക്കുകയുള്ളൂ .........*

***മഞ്ജിമ. ബി, 9 ബി***

# ദൈവം

ഒരിക്കൽ ഒരു സന്യാസി ഒരു ഗ്രാമത്തിലെത്തി.

അപ്പോൾ ഒരു നിഷ്കളങ്കനായ ഗ്രാമീണൻ ഇപ്രകാരം പറഞ്ഞു. "പ്രഭോ അങ്ങ് വലിയ ജ്ഞാനിയാണല്ലോ, എനിക്ക് ദൈവത്തെക്കുറിച്ച് അറിയാൻ ആഗ്രഹമുണ്ട്". പറഞ്ഞു തന്നാലും.

ദൈവത്തെ ഹൃദയംഗമായി സ്നേഹിക്കുക എന്നായിരുന്നു സന്യാസിയുടെ ഉപദേശം.

*ഒരിക്കലും കണ്ടിട്ടില്ലാത്ത ഈശ്വരനെ ഞാനെങ്ങനെ സ്നേഹിക്കാനാണ് ? എന്നായി ഗ്രാമീണൻ. വീട്ടിലാരൊക്കെയുണ്ട് ? സന്യാസി ചോദിച്ചു. എനിക്കാരുമില്ല പ്രഭോ, ഭാര്യയും മക്കളുമൊന്നുമില്ല. ഒരാടുമാത്രമാണുള്ളത്. അതാണെൻ ആകെ മുതൽ. അയാൾ പറഞ്ഞു. അങ്ങനെയെങ്കിൽ ആ ആടിനെ വേണ്ടവിധം പരിചരിക്കുക. ഈശ്വരൻ ആ ജീവിയിലും ജീവിക്കുന്നുണ്ട്. സന്യാസി പറഞ്ഞു. ഗ്രാമീണനു സന്തോഷമായി. കാലം കടന്നു പോയി. ഒരിക്കൽ കൂടി സന്യാസി ആ ഗ്രാമത്തിലെത്തി. സന്യാസി ഗ്രാമീണനെ വീണ്ടും കണ്ടുമുട്ടി. അപ്പോൾ അയാൾ പറഞ്ഞു, അങ്ങയുടെ ഉപദേശം പിന്തുടർന്ന ഞാനിപ്പോൾ സന്തുഷ്ടനാണ്. ആടിനെ മാത്രമല്ല സകലചരാചരങ്ങളിലും എനിക്കിപ്പോൾ ദൈവത്തെകാണാം. സകലതിനെയും സ്നേഹിക്കാനും ബഹുമാനിക്കാനും എനിക്ക് കഴിയുന്നുണ്ട്. ഇതൊരു വലിയപാഠമാണ്. ഈശ്വരനെ തേടി നാം എങ്ങും അലയേണ്ടതില്ല. നമുക്കു ചുറ്റും കാണുന്നതെല്ലാം ഈശ്വരചൈതന്യം തന്നെയാണ്.*

*അഞ്ജന അബിളി, 9 എ*

# ഐറ്റി ക്വിസ്സ്

1. കമ്പ്യൂട്ടർ  എന്ന പദം ഉണ്ടായത് ഏത്  ഭാഷയിൽ നിന്നാണ്?

    ലാററിൻ

2 . എ.പിജെ അബ്ദുൽ കലാമിൻെറ വെബ് പത്രം ഏതായിരുന്നു?

    ബില്യൺ ബീററ്സ്

3. കമ്പ്യൂട്ടർ മൗസിൻെറ വേഗത അളക്കുന്ന യൂണിററ്?

    മിക്കി

4. മൈക്രോസോഫ്ററ് സഥാപിതമായ വർഷം?

    1975

5. ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ രൂപകൽപന ചെയ്തത് ആര്?

    സെമൂർക്രേ

6. ഈ മെയിൽ സംവിധാനത്തിൻെറ പിതാവ് ആര്?

    റേ ടോമിൻസൺ

7 . BLUETOOTH ത്തിൻെറ സഥാപകനാര്?

    Ericson

8 . ഹോട്ട് മെയിൽ രൂപീകരിച്ച ഇന്ത്യക്കാരൻ?

    സബീർ ഭാട്ടിയ

***അക്ഷിത, 9 ബി***